പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1349

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹിക - സാമ്പത്തിക ജാതി സെൻസസിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റ് 2014 മെയ് 19-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കരട് പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം പൊതുജനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കരട് ലിസ്റ്റിന്മേൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങളിൽ തെറ്റായ വാർഡ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളിൽ തിരുത്തൽ വരുത്തുവാൻ അപേക്ഷ നൽകുവാൻ പൊതുജനങ്ങൾക്ക് 2014 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (സി) | സെൻസസിന്റെ വിശദാംശങ്ങൾ എല്ലാ വില്ലേജുകളിലും പഞ്ചായത്തുകളിലും പൊതുജനങ്ങൾക്ക് പരിശോധിക്കുവാനുള്ള അവസരം ഉറപ്പുവരുത്തുമോ; | (സി) | സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ മതം, ജാതി ഒഴികെയുള്ള മുഴുവൻ വിവരങ്ങളും എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും (ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. റവന്യൂ-വില്ലേജുകളിൽ പ്രസിദ്ധീകരിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം ഇല്ല. എൻ.ഐ.സി. യുടെ വെബ് സൈറ്റിലും കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ലിസ്റ്റ് പരിശോധനയ്ക്ക് മാത്രമായി, ലിസ്റ്റ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം പ്രത്യേക ഗ്രാമസഭകൾ വിളിച്ചു കൂട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സെൻസസിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ? | (ഡി) | കരട് ലിസ്റ്റ് പ്രസിദ്ധീകരണം മുതൽ 30 ദിവസം വരെ ആക്ഷേപങ്ങളും, പരാതികളും സ്വീകരിച്ച് ഹിയറിംഗ് നടത്തി പുതിയ വിവരങ്ങൾ എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക് സെന്റർ) സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതാണ്. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ/മുൻസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറി തലത്തിലുള്ള പ്രാഥമിക തീർപ്പിൽ തൃപ്തിയാകാത്തവർക്ക് ജില്ലാ തല അപ്പലേറ്റ് അതോറിറ്റിക്ക് (ഗ്രാമം-പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, നഗരം-ജില്ലാ കളക്ടർ) അപ്പീൽ നൽകാവുന്നതാണ്. എല്ലാ അപേക്ഷകളും അപ്പീലുകളും ലഭിച്ച് 7 ദിവസത്തിനകം തീർപ്പാക്കുന്നതാണ്. ലിസ്റ്റ് പ്രസിദ്ധീകരണ തീയതി മുതൽ 80 ദിവസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2014 ആഗസ്റ്റ് 13 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ